# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 492 — 09.02.2016 ൽ മറുപടിക്ക്

### റെയിൽവേ ബഡ്ജറ്റിലെ കേരളത്തിന്റെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | അടുത്ത റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന്റെ ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ 2016-17 ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിൽ സംസ്ഥാനത്ത് നടന്നു വരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ്മാറ്റം, അങ്കമാലി ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് 2016-17 ൽ ആവശ്യമായ മൊത്തം 602 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്ത് സബർബൻ റെയിൽ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം. അങ്കമാലി ശബരി പാത, നിലമ്പൂർ - നഞ്ചൻഗുഡ് പാത, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് റെയിൽവേ അടിസ്ഥാന സൗകര്യ വികസനം, ആട്ടോമെറ്റിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ, പുതിയ ട്രെയിനുകൾ അനുവദിക്കൽ തുടങ്ങിയ കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഷൊർണ്ണൂർ - മംഗലാപുരം ഇലക്ട്രിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ബജറ്റ് വിഹിതം ആവശ്യപ്പെടുമോ; | (ബി) | ഷൊർണ്ണൂർ - മംഗലാപുരം ഇലക്ട്രിഫിക്കേഷൻ 2016 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യത്തക്ക വിധത്തിൽ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പഴകിയ കോച്ചുകൾ മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ? | | ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർ ഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധനക്ക് വിധേയമാക്കുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത അവസ്ഥ സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽ തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തു വരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിയുന്ന കോച്ചുകൾ അപ്പപ്പോൾ തന്നെ പിൻവലിക്കുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ